ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പുതിയ കരിക്കുലവും സിലബസും ഉണ്ടാക്കുന്നത് നമ്മുടെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടാണോ ; അത് സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. പ്രത്യേകമായ ഗൈഡ്ലൈൻസ് ഉണ്ടായിരുന്നിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങൾക്കും നമുക്കും ഒരുപോലെയുള്ള കരിക്കുലമാണോ എൻ.സി.ഇ.ആർ.ടി. നിർദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ് : എൻ. സി. ഇ. ആർ. ടി. യുടെ സഹായം സിലബസ്—കരിക്കുലം, പരിഷ്ക്കരണത്തിൽ എല്ലാ സ്റ്റേറ്റുകൾക്കും കിട്ടുന്നുണ്ട്. അവരുടെ സഹായം കൂടി ലഭ്യമാക്കിക്കൊണ്ടാണ് കേരളത്തിൽ കരിക്കുലവും സിലബസും പരിഷ്ക്കരിച്ചിട്ടുള്ളത്.

പൊതു മേഖലയിൽ നഴ്സറി സ്ക്കൂളുകൾ

*369. [396] ശ്രീ. പി. കുമാരൻ :
,, വി.കെ. രാജൻ :
,, കെ.പി. പ്രഭാകരൻ :
,, എം.കെ. കേശവൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു മേഖലയിൽ നഴ്സറി സ്ക്കൂളുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇല്ലെങ്കിൽ, പൊതുമേഖലയിൽ നഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഓരോ വിദ്യാഭ്യാസ ഉപജില്ലയിലും പ്രീപ്രൈമറി സ്ക്കൂളുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യത്തെ ഘട്ടമെന്ന നിലയിൽ 31 വിദ്യാഭ്യാസ ജില്ലകളിൽ പ്രീ പ്രൈമറി മോഡൽ സ്ക്കൂളുകൾ തുടങ്ങിയിട്ടുണ്ട്.

(സി) 'ബി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. കെ. രാജൻ : നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ നഴ്സറി സ്ക്കൂളുകൾ, മന്ത്രിമാരുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന നഴ്സറി സ്ക്കൂളുകൾ അതിന്റെ ബ്രാഞ്ചുകളോടുകൂടി നഴ്സറി സ്ക്കൂളുകൾ ആരംഭിക്കുന്ന ഒരു ഘട്ടത്തിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടി എത്ര കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയും?

ശ്രീ. ടി. എം. ജേക്കബ് : എന്റെ ബന്ധുക്കൾക്ക് ആർക്കും പ്രീ പ്രൈമറി സ്ക്കൂളുകളൊന്നുമില്ല. ഞാൻ അത് നിഷേധിക്കുകയാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്മയബന്ധിത പരിപാടിയനുസരിച്ചാണ് പ്രീ പ്രൈമറി വിദ്യാഭ്യാസം എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഏഴാം പദ്ധതിക്കാലത്ത് എല്ലാ ഉപവിദ്യാഭ്യാസ ജില്ലയിലും ചുരുങ്ങിയത് ഒരു മോഡൽ പ്രീ പ്രൈമറി സ്കൂളെങ്കിലും ആരംഭിക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. വി. കെ. രാജൻ : ഏഴാം പദ്ധതിയിൽ പൂർത്തിയാകുകയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. കാസർകോട് ജില്ലയിൽ ഒരു സ്ഥലത്ത് നഴ്സറി സ്കൂളുകളിൽ കുട്ടികൾക്ക് മയക്കുമരുന്ന് കൊടുത്തു ഉറക്കുന്നതായിട്ട് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെയൊരു പരാതി കിട്ടിയിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഏഴാം പദ്ധതി കഴിയുമ്പോഴും ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒന്നേ വരുന്നുള്ളൂ. അതും, മോഡലാണ്. യഥാർത്ഥത്തിൽ ഇന്ന് ഒരു വിദ്യാഭ്യാസ ജില്ലയിൽ നൂറും നൂറിലധികവും. പ്രീ പ്രൈമറി സ്കൂളുകൾ നടക്കുന്നുണ്ട്. മൂവായിരവും അയ്യായിരവും രൂപവരെ സംഭാവന വാങ്ങിയിട്ടാണ് അഡ്മിഷൻ കൊടുക്കുന്നത്. ഇത് കൂടാതെ വർഷത്തിൽ പല സംഭാവനകളും പിരിക്കാറുണ്ട്. ഇതിന് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടാണ് പൊതുമേഖലയിൽ ഇത് വേണമെന്നുള്ള പ്രശ്നം വരുന്നത്. അത് പൊതുമേഖലയിൽ തുടങ്ങാൻ കഴിയില്ലെങ്കിൽ സഹകാര്യമേഖലയിൽ നടക്കുന്ന ഈ കൊള്ള ഒന്ന് അവസാനിപ്പിക്കുന്നതിനും എന്തെങ്കിലും നിയന്ത്രണം അതിന്റെ മേൽ കൊണ്ടുവരുന്നതിനും ഗവൺമെൻറിന് കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : എല്ലാ സ്ഥലങ്ങളിലും പൊതുമേഖലയിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നത് നല്ലതാണ്. കേരളത്തിൽ ഗവൺമെൻറ് എടുത്തിരിക്കുന്ന ഒരു കണക്കനുസരിച്ച് മൂന്ന് വയസിനും അഞ്ച് വയസിനും മദ്ധ്യേ പ്രായമുള്ള കുട്ടികളുടെ എണ്ണം ഒൻപത് ലക്ഷം എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോൾ തന്നെ വിദ്യാഭ്യാസത്തിന് ചെലവാക്കുന്ന പണത്തിൽ 56 ശതമാനവും പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. 9 ലക്ഷം കുട്ടികളെക്കൂടി ഫോർമൽ എഡ്യൂക്കേഷന്റെ ഭാഗമാക്കി പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ കൊണ്ടുവരണമെങ്കിൽ ഇനിയും നമ്മൾ ഭീമമായ തുക അതിനുവേണ്ടി ചെലവഴിക്കേണ്ടി വരും. സംസ്ഥാനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി ഇനിയും കൂടുതൽ തുക മാറ്റി വയ്ക്കുക അസാദ്ധ്യമായിട്ടുള്ള സംഗതിയാണ്. അദ്ദേഹം ചോദിച്ച മറ്റൊരു സംഗതി സഹകാര്യമേഖലയിലുള്ള ആളുകളെ നിയന്ത്രിക്കാൻ കഴിയുകയില്ലേ എന്നാണ്. പ്രീ. പ്രൈമറി വിദ്യാഭ്യാസം അങ്ങനെയാണ് അറിയാവുന്നതുപോലെ ഫോർമൽ എഡ്യൂക്കേഷന്റെ ഭാഗമല്ല. പ്രീ പ്രൈമറി എഡ്യൂക്കേഷൻ ഫോർമൽ എഡ്യൂക്കേഷന്റെ ഭാഗമാക്കാമോ എന്നുള്ള വിഷയം സജീവമായിട്ട് പരിഗണിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതിനെക്കുറിച്ച് അന്തിമമായ തീരുമാനം ഗവൺമെൻറ് എടുത്തിട്ടില്ല. എന്നിരുന്നാലും ഇതിനുവേണ്ടി ഗവൺമെൻറ് പൊതുവായൊരു ഗൈഡ്ലൈൻസ് എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാഭ്യാസ ഇൻസ്പറേറ്റ് തയ്യാറാക്കിയിരിക്കുന്ന ആ ഗൈഡ്ലൈൻസ് അനുസരിച്ച് നടത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അതിന് സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടു വന്നിരിക്കുന്ന സ്ഥാപനങ്ങൾ ഏകദേശം എഴുനൂറ് എണ്ണം മാത്രമേയുള്ളൂ. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏഴായിരത്തിലേറെ നഴ്സറി സ്ക്കൂളുകൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എങ്കിലും, വിദ്യാഭ്യാസ രംഗത്തിൽ ചില ദേഗതികൾ വരുത്തിക്കൊണ്ട് ഈ രീതിയിൽ നടത്തുന്ന നഴ്സറി സ്ക്കൂളുകൾ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിരിക്കുന്ന ഗൈഡ്ലൈൻസ് അനുസരിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : വളരെ പ്രാമാദമായ് കരിയച്ചിറ നഴ്സറി സ്ക്കൂൾ ദുരന്തത്തെത്തുടർന്ന് ജാനകിയമ്മ കമ്മീഷനെക്കൊണ്ട് ഒരു അന്വേഷണമൊക്കെ നടത്തിച്ചു. അവർ കുറെ നിർദ്ദേശങ്ങളും വച്ചിരുന്നു. ഈ രീതിയിൽ സ്വകാര്യ മേഖലയിൽ ഉണ്ടാകുന്ന സ്ക്കൂളുകളുടെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് അവിടെ കെട്ടിട പണിയുടെ തകരാറിന്റെ അടിസ്ഥാനത്തിലാണ് കുട്ടികൾ മരിച്ചത്. അതൊക്കെ നിയന്ത്രിക്കുന്നതിന് നിയമപരമായ ചില ബാദ്ധ്യതകൾ ഉണ്ടാകണം. ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള നിയമഭേദഗതികൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ജാനകിയമ്മ കമ്മീഷനെ നിയോഗിച്ചത് കരിയച്ചിറയുണ്ടായ അപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയിട്ടാണ്. ആ റിപ്പോർട്ടിനകത്ത് സ്ക്കൂൾ അധികാരികൾ കുറക്കാരാണെന്ന് അവർ പറഞ്ഞിരുന്നില്ല. ചില ഗൈഡ്ലൈൻസ് അതിനെ സംബന്ധിച്ച് അവർ ഗവൺമെന്റിന് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ക്കൂൾ കൺസ്ട്രക്ഷനെ സംബന്ധിച്ചാണ് പ്രധാനമായിട്ടും നിർദ്ദേശങ്ങൾ ഉണ്ടായത്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റോഡുകൾ ഏറെടുക്കുന്നതിനുള്ള മാനദണ്ഡം

*370. [397] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ.വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :
,, കെ.ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പു റോഡുകൾ ഏറെടുക്കുന്നതിനുള്ള പൊതു മാനദണ്ഡം എന്ത് ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏറെടുത്ത റോഡുകളിൽ പൂർത്തിയാക്കിയ റോഡുകൾ എത്ര ;

(സി) ബാക്കിയുള്ള റോഡുകളുടെ പണി പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) പൊതുമരാമത്ത് വകുപ്പു റോഡുകൾ ഏറെടുക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly